**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6292** **10-11-2021 - ൽ മറുപടിയ്ക്ക്**

**കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | കോൺവെന്റ് ബീച്ച് BVR പാലത്തിന്റെയും, ഫൗണ്ടേഷന്റെയും, സബ് സ്ട്രക്ചറിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചു. ബീമുകളുടെ നിർമ്മാണം നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പിന് ഭരണാനുമതി എന്നാണ് ലഭ്യമായതെന്നും സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി എന്തെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പിനായി 329 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി റവന്യൂ വകുപ്പിൽ നിന്നും എറണാകുളം ജില്ലാകളക്ടറെ ചുമതലപ്പെടുത്തി റവന്യൂ വകുപ്പിന്റെ അനുമതി നൽകുകയും, സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി പൊതുമരാമത്ത് വകപ്പിൽ നിന്നും അർത്ഥനാ പത്രം സമർപ്പിച്ചത് പ്രകാരം ജില്ലാ കളക്ടർ സ്പെഷ്യൽ തഹസിൽദാർ വൈറ്റിലയെ പൊന്നും വില നടപടി ഓഫീസറായി 14/09/2021-ൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺവെന്റ് ഭാഗത്തുള്ള വിഷയം ചർച്ച ചെയ്യുന്നതിനായി 14.08.2021-ന് യോഗം ചേർന്നിരുന്നോ; പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (സി) | 14/08/2021-ൽ യോഗം ചേർന്നിരുന്നു. പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺവെന്റ് ഭാഗത്തെ റോക്കി എന്ന വ്യക്തിയുടെ വീടിനു നാശനഷ്ടമുണ്ടായി എന്ന പരാതി സംബന്ധിച്ചും അദ്ദേഹത്തിന് നഷ്ടപരിഹാരം ലഭ്യമാക്കണമെന്നത് സംബന്ധിച്ചും തീരുമാനമെടുക്കുന്നതിനും റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗം ചേരാമെന്ന് തീരുമാനിച്ചു. റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള യോഗം നടത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ഡി) | 14/08/2021-ൽ യോഗം ചേർന്നിരുന്നു. പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺവെന്റ് ഭാഗത്തെ റോക്കി എന്ന വ്യക്തിയുടെ വീടിനു നാശനഷ്ടമുണ്ടായി എന്ന പരാതി സംബന്ധിച്ചും അദ്ദേഹത്തിന് നഷ്ടപരിഹാരം ലഭ്യമാക്കണമെന്നത് സംബന്ധിച്ചും |

| | | | |
|---|---|---|---|
| | | | തീരുമാനമെടുക്കുന്നതിനും റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗം ചേരാമെന്ന് തീരുമാനിച്ചു. റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള യോഗം നടത്തിയിട്ടില്ല. |
| (ഇ) | പ്രസ്തുത യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഇ) | യോഗത്തിന്റെ നടപടികുറിപ്പ് അനുബന്ധം 1 ൽ ഉള്ളടക്കം ചെയ്യുന്നു |
| (എഫ്) | കോൺവെന്റ് ബീച്ച് പാലത്തിന്റെ സ്ഥലമെടുപ്പിനായുള്ള ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ? | (എഫ്) | ഭരണാനുമതിയുടെ പകർപ്പ് അനുബന്ധം -2 ൽ ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

09/11/2021,

**എറണാകുളം വൈപ്പിൻ നിയോജക മണ്ഡലം - കോൺവെന്റ് ബീച്ച് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട (കോൺവെന്റ് ഭാഗത്തുള്ള) വിഷയം ചർച്ച ചെയ്യുന്നതിനായി 14.08.21 ന രാവിലെ 11.00 മണിക്ക് ചെറായി സഹോദര സ്മാരകത്തിൽ വെച്ച് ബഹു. പൊതുമരാമത്തും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.**

യോഗം 11.00 മണിക്ക് ആരംഭിച്ചു

യോഗത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്തും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി ശ്രീ മുഹമ്മദ് റിയാസ് , , വൈപ്പിൻ എം എൽ എ ശ്രീ ഉണ്ണികൃഷ്ണൻ , മുൻ എം എൽ എ ശ്രീ എസ് ശർമ്മ ,പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്; കോൺവെന്റ് ഭാഗത്തെ തുതല പഞ്ചായത്ത് അംഗങ്ങൾ, പൊതുമരാമത്തു വകുപ്പ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ പങ്കെടുത്തു

- മുൻ എം.എൽ.എ ശ്രീ. എസ് ശർമ്മ പാലനിർമ്മാണവുമായി ബന്ധച്ചെട്ട റോക്കി എന്ന വ്യക്തിയുടെ വീടിനുണ്ടായ നാശ നഷ്ടം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു.

- പാലത്തിന്റെ നിർമ്മാണത്തോടനുബന്ധിച്ച് വീടിനു കേടു പാടുകൾ സംഭവിച്ചു എന്നും , താമസ യോഗ്യമല്ലാതായെന്നും സ്ഥലമുടമസ്ഥൻ അറിയിച്ചു . Repair ചെയ്തു താമസിക്കാൻ പറ്റില്ല എന്നും പുതിയ വീട് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വികരിക്കണമെന്നും ആവശ്യപ്പെട്ടു.

- പാലത്തിന്റെ നിർമ്മാണം മൂലം ഇതിനു കേടുപാടുകൾ ഒന്നും തന്നെ സംഭവിച്ചിട്ടില്ല എന്നും, പൈലിങ്ങിനുമുൻപേ കാലപ്പഴക്കം മൂലം ഉണ്ടായ കേടുപാടുകൾ മാത്രമേ ഉള്ളൂ എന്നും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

- എന്നാൽ പാലം പണി പൂർത്തിയാക്കുമ്പോൾ വാഹന ഗതാഗതം കൂടുമെന്നതിനാൽ വീടിനു കൂടുതൽ കേടുപാടുകൾ ഉണ്ടാകാൻ സാധ്യത ഉണ്ടെന്നും സ്ഥലം ഉടമ ആശങ്ക അറിയിച്ചു.

- സ്ഥലം ഉടമയുടെ വസ്തുവിൽ നിന്ന് 1 Cent - ഓളം സ്ഥലം ഏറ്റെടുത്ത് നഷ്ട പരിഹാരം നൽകണമെന്ന് മുൻ എം.എൽ.എ ശ്രീ. എസ് ശർമ്മ നിർദ്ദേശിച്ചു.

- എന്നാൽ ഇദ്ദേഹത്തിനു കൈവശ അവകാശ രേഖ മാത്രമേ ഉള്ളൂ ആയതിനാൽ നഷ്ട പരിഹാരത്തിന്റെ കാര്യത്തിൽ ഉറപ്പ് നൽകുവാൻ സാധിക്കില്ല എന്നും അറിയിച്ചു.

- സ്ഥലവില സംബന്ധിച്ച തീരുമാനം എടുക്കുന്നതിനായി റവന്യൂ ഉദ്യോഗസ്ഥർ യോഗത്തിൽ സന്നിഹിതരായിരുന്നില്ല.

**തീരുമാനം -** സ്ഥലം സംബന്ധിച്ച തീരുമാനം എടുക്കുന്നതിനായി റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി വീണ്ടും യോഗം ചേരണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രി നിർദ്ദേശിച്ചു.

11.30 ന് യോഗം അവസാനിച്ചു.

P A Mohamed Riyas
Minister

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്- NABARD -RIDF XX -ഉൾപ്പെട്ട കോൺവെന്റ് ബീച്ച് പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക അനുവദിച്ച ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്തു (ഡി )വകുപ്പ്**

**സ.ഉ.(സാധാ) നം.149/2021/പൊ.മ.വ** തീയതി,തിരുവനന്തപുരം, 05/02/2021

---

പരാമർശം:- 1 G.O(Rt)No.68/2015/PWD dated 14.01.2015

2 Order No. Ernakulam/299/2015-16 dated 26.02.2016

3 ജി.ഒ. (ആർ.റ്റി) നമ്പർ 1964/2018/PWD തീയതി 19-12-2018

4 15/10/2019 ലെ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ CE/R&B/EKM/10025/09 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം NABARD -RIDF XX -ഉൾപ്പെട്ട കോൺവെന്റ് ബീച്ച് പാലം നിർമ്മാണം പ്രവൃത്തിയ്ക്ക് 1690 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് മേൽ പ്രവൃത്തിക്ക് റീ - ഡിസൈൻ ചെയ്ത പുതുക്കിയ എസ്റ്റിമേറ്റിനു പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം 2446/- ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു.

2.NABARD -RIDF XX -ഉൾപ്പെട്ട കോൺവെന്റ് ബീച്ച് പാലം നിർമ്മാണത്തിനായി ലാൻഡ് അക്വിസിഷനു തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം മേൽ പ്രവൃത്തിയ്ക്ക് 3,29,00,000/- രൂപയാണ് കണക്കാക്കിയിട്ടുള്ളത് എന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക നബാർഡിൽ നിന്നും ലഭ്യമല്ലാത്തതിനാൽ ലാൻഡ് അക്വിസിഷന്റെ ഭരണാനുമതി ലഭിച്ചില്ലായെന്നും നബാർഡിൽ നിന്നും ടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പണം മാത്രമേ ലഭിക്കുകയുള്ളു എന്നും ആയതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക നബാർഡ് പ്രവൃത്തികൾക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള 5054-04-337-80-PV എന്ന ശീർഷകത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയർ അഭ്യർത്ഥിച്ചിരിക്കുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. NABARD -RIDF XX -ഉൾപ്പെട്ട കോൺവെന്റ് ബീച്ച് പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3,29,00,000/- (മൂന്ന് കോടി ഇരുപത്തിയൊൻപത് രൂപ മാത്രം), 5054-04-101-96(P) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സിമി.എ.എസ്**

**ഡെപ്യൂട്ടിസെക്രട്ടറി**

ചീഫ് എഞ്ചിനീയർ പാലങ്ങൾ വിഭാഗം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (Vide UO(n)No:I&PW-B1/410/2019-FIN (E1387715) Dated. 23.01.2021)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ